# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

### പത്രക്കുറിപ്പ്

കാലിക്കറ്റ് സർവ്വകലാശാല പഠനവകുപ്പുകളിലേക്ക് പ്രവേശന പരീക്ഷ മുഖാന്തരം പ്രവേശനം നടത്തുന്ന (CUCAT 2024) പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ലെയ്റ്റ് രജിസ്ട്രേഷൻ ഓൺ ലൈനായി നടത്താനുള്ള സൗകര്യം 11.08.2024 ന് വൈകിട്ട് 5 മണി വരെ ലഭ്യമാണ്. പ്രവേശനം ഡിഗ്രി മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും.

വിജ്ഞാപന പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവർക്ക് പരമാവധി ആറ് പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം. അപേക്ഷാഫീസ്: ജനറൽ വിഭാഗത്തിന് 920/- രൂപ. എസ്.സി/എസ്.ടി. 580/- രൂപ. (എൽ.എൽ.എം. പ്രോഗ്രാമിന് ജനറൽ വിഭാഗത്തിന് 1140/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 700/- രൂപയുമാണ്). പ്രവേശന യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുന്നവർ ഓരോ അധിക പ്രോഗ്രാമിനും 90/- രൂപ വീതം അപേക്ഷാ ഫീസിനോടൊപ്പം ഒന്നിച്ച് അടവാക്കണം.

പ്രോഗ്രാമുകളുടെ ഒഴിവ് വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാണ്. സ്പോർട്ട്സ് ക്വോട്ട, ലക്ഷദ്വീപ് ക്വോട്ട എന്നീ സംവരണ വിഭാഗങ്ങളിലെ ഒഴിവു വിവരങ്ങൾ അറിയുന്നതിനായി വിവിധ പഠനവകുപ്പുമായി ബന്ധപ്പെടേണ്ടതാണ്. സ്പോർട്ട്സ് ക്വോട്ടയിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷയുടെ പകർപ്പ്, സ്പോർട്ട്സ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ, കാലിക്കറ്റ് സർവ്വകലാശാല എന്ന വിലാസത്തിൽ അവസാന തിയ്യതിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

അതാത് സംവരണ വിഭാഗങ്ങളിലെ (സ്പോർട്ട്സ്, ലക്ഷദ്വീപ്, പി.ഡബ്ല്യു.ഡി., ഓപ്പൺ ഓൾ ഇന്ത്യാ ക്വോട്ട എന്നിവ ഒഴികെ) അപേക്ഷകരുടെ അഭാവത്തിൽ മറ്റ് വിഭാഗക്കാരേയും പ്രവേശനത്തിനായി പരിഗണിക്കുന്നതാണ്.

അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി അതത് പഠനവകുപ്പുമായി ബന്ധപ്പെട്ട് ഒഴിവ് വിവരങ്ങളിൽ ഉറപ്പുവരുത്താവുന്നതാണ്.

വിശദവിവരങ്ങൾക്ക് www.admission.uoc.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫോൺ : 0494 2407016, 2407017, 2660600.

(ഒപ്പ്)

ഡയറക്ടർ

C.U. Campus
02.08.2024